# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1011 — 14.06.2012ൽ മറുപടിയ്ക്ക്

## സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ ബേബി<br>ശ്രീ. എം. ഹംസ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയിൽ കഴിഞ്ഞ ഒരു ദശകത്തിനിടയിൽ ആരംഭിച്ച സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എ) ബഹു.കേരള ഹൈക്കോടതി- യുടെ നിർദ്ദേശ് പ്രകാരം സംസ്ഥാനത്തെ ഗവ. എഞ്ചിനീയറിംഗ് കോളേജു കളിലെ അദ്ധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് സ്വകാര്യ സ്വാശ്രയ കോളേജുകളിലെ പഠന നിലവാരം പരിശോ ധിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സ്വാശ്രയ കോളേജുകളിൽ പരിശോധന നടത്തുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വകലാശാലകൾ സർവ്വകലാശാലാ സ്റ്റാറ്റൂട്ട് പ്രകാരവും സ്വാശ്രയ കോളേജുകളിലെ പഠന നിലവാരവും ഭൗതീക സൗകര്യങ്ങളും സംബന്ധിച്ചുള്ള പരിശോധനകൾ നടത്തുന്നു.

(ബി) ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ട സ്ഥാപന മേധാവികൾകളെ ചർച്ചക്ക ക്ഷണിക്കുകയും പഠന നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.ഗുണനിലവാരം സംബന്ധിച്ച് കർശനമായ നിബന്ധനകൾ ഉൾക്കൊള്ളിച്ച് ഉത്തരവിറക്കിയിട്ടുള്ളതുമാണ്.നിബന്ധനകൾ പാലിക്കാത്ത മാനേജ്മെന്റുകളെ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യത്തിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് നിന്നും സർക്കാർ മേഖല പിന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്; ഇരുമേഖലകളിലും കഴിഞ്ഞ ഒരു ദശകത്തിനിടയിൽ സ്ഥാപിക്കപ്പെട്ട പ്രൊഫഷണൽ സ്ഥാപനങ്ങളുടെ എണ്ണം ലഭ്യമാക്കാമോ? | (സി) | പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നിന്നും സർക്കാർ മേഖല പിന്നോട്ടു പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.സർക്കാർ മേഖലയിലുള്ള 12 എഞ്ചിനീയറിംഗ് കോളേജുകളും(9+3) പത്ത് വർഷത്തിനു മുമ്പ് നിലവിൽ വന്നവയാണ്. അവ വളരെ കാര്യക്ഷമമായ രീതിയിലാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ സ്ഥാപിക്കപ്പെട്ട മെഡിക്കൽ വിഭാഗത്തിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

Sheet1

| TOTAL NUMBER OF AFFILIATED COLLEGES | |
|---|---|
| | |
| **GOVERNMENT COLLEGES** | **25** |
| **AIDED COLLEGES** | **5** |
| **CO-OPERATIVE UNAIDED COLLEGES** | **7** |
| **GOVERNMENT SELF-FINANCING COLLEGES** | **8** |
| **PRIVATE SELF-FINANCING COLLEGES** | **188** |
| **TOTAL NUMBER OF COLLEGES** | **233** |
| | |
| **MEDICAL COLLEGES** | |
| GOVERNMENT | 5 |
| CO-OPERATIVE UNAIDED | 1 |
| PRIVATE | 16 |
| TOTAL | 22 |
| | |
| **DENTAL COLLEGES** | |
| GOVERNMENT | 3 |
| PRIVATE | 19 |
| TOTAL | 22 |
| | |
| **AYURVEDA COLLEGES** | |
| GOVERNMENT | 3 |
| AIDED | 2 |
| PRIVATE | 11 |
| TOTAL | 16 |
| | |
| **HOMOEOPATHY COLLEGES** | |
| GOVERNMENT | 2 |
| AIDED | 3 |
| TOTAL | 5 |
| | |
| **NURSING COLLEGES** | |
| GOVERNMENT | 5 |
| GOVERNMENT UNDERTAKING | 6 |
| CO-OPERATIVE UNAIDED COLLEGES | 6 |
| PRIVATE | 92 |
| TOTAL | 109 |
| | |
| **PHARMACY COLLEGES** | |
| GOVERNMENT | 4 |
| PRIVATE | 26 |
| TOTAL | 30 |
| | |
| **PARAMEDICAL & ALLIED SCIENCES** | |
| GOVERNMENT | 3 |
| PRIVATE | 25 |
| TOTAL | 28 |
| | |
| **SIDDHA COLLEGES** | |
| PRIVATE | 1 |
| TOTAL | 1 |
| | |
| **GRAND TOTAL** | **233** |

Section Officer